നം. എ3/6868/2018

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 28/05/2018

## സർക്കുലർ നം.27/2018

സംസ്ഥാന ട്രഷറി വകുപ്പിലെ ഓഫീസുകളിൽ ഇൻകെൽ സ്ഥാപിച്ച 36 ഡീസൽ ജനറേറ്റർ സെറ്റുകളും 2017-18 സാമ്പത്തിക വർഷത്തിൽ വാങ്ങി നൽകിയ 33 ഡീസൽ ജനറേറ്റർ സെറ്റുകളും ഉൾപ്പെടെ ആകെ 69 ഡീസൽ ജനറേറ്ററുകൾ നിലവിലുണ്ട്. ഇവയുടെ പരിപാലനത്തിനും ഡീസൽ വാങ്ങുന്നതിനും ഏതു ശീർഷകത്തിൽ നിന്നും തുക ചെലവഴിക്കണം എന്നത് സംബന്ധിച്ച് നിരവധി അന്വേഷണങ്ങൾ ജില്ലാ/സബ് ട്രഷറികളിൽ നിന്നും വന്നു കൊണ്ടിരിക്കുന്നു. ശീർഷകത്തെ സംബന്ധിച്ച് പരസ്പരവിരുദ്ധമായ ആഡിറ്റ് റിപ്പോർട്ടുകൾ ജില്ലാ ട്രഷറി ഓഫീസർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും പരിശോധന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതായും അറിയാൻ കഴിഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സബ് ട്രഷറികളിലെ ഡീസൽ ജനറേറ്റർ സെറ്റുകളുടെ മെയിന്റനൻസ് നടത്തുന്നതിനും ഡിസൽ വാങ്ങുന്നതിനുള്ള ചെലവ് 2054-00-097-98-05-04 (മറ്റിനങ്ങൾ) എന്ന ശീർഷകത്തിൽ നിന്നോ 2054-00-095-99-19(M&E)Plan എന്ന ശീർഷകത്തിൽ നിന്നോ സബ് ട്രഷറി ഓഫീസറുടെ ചെലവ് പരിധിയ്ക്കുള്ളിൽ നിന്ന് വഹിക്കാവുന്നതാണ്. ജില്ലാ ട്രഷറികളിൽ മേൽ ആവശ്യത്തിനുള്ള തുക 2054-00-097-99-05-04 (മറ്റിനങ്ങൾ) എന്ന ശീർഷകത്തിൽ നിന്നോ 2054-00-095-99-19(M&E)Plan എന്ന ശീർഷകത്തിൽ നിന്നോ ജില്ലാ ട്രഷറി ഓഫീസറുടെ ചെലവ് പരിധിയ്ക്കുള്ളിൽ നിന്ന് വഹിക്കാവുന്നതാണ്.

2) 2017-18 സാമ്പത്തിക വർഷം വാങ്ങി നൽകിയ ഡീസൽ (KEL Ltd, BHEL Ltd )ജനറേറ്റർ സെറ്റുകൾക്ക് 2 വർഷം വാറന്റി ഉണ്ട്. വാറന്റി കാലയളവിൽ വർഷത്തിൽ 2 പ്രാവശ്യം സൗജന്യമായി സർവ്വീസ് ചെയ്ത് ലഭിക്കുന്നുണ്ട് എന്ന് ട്രഷറി ഓഫീസർമാർ ഉറപ്പു വരുത്തണം.

Scanned by TapScanner

ഓയിലിന്റെ വില അതാത് ട്രഷറികൾ മേൽപ്പറഞ്ഞ ശീർഷകങ്ങളിലേതെങ്കിലും ഒന്നിൽ നിന്ന് വഹിക്കേണ്ടതാണ്.

3) വാറന്റി പീരിയഡ് കഴിഞ്ഞ ഡീസൽ ജനറേറ്റർ സെറ്റുകളും വർഷത്തിൽ 2 പ്രാവശ്യം അതാത് ജനറേറ്റർ കമ്പനികളുടെ സർവ്വീസ് സെന്ററിൽ നിന്നുള്ള ടെക്നീഷ്യനെ വിളിച്ച് സർവ്വീസ് ചെയ്യുകയും ഓയിൽ മാറ്റുകയും ചെയ്യേണ്ടതാണ്. ആയതിനുള്ള ചെലവ് മേൽപ്പറഞ്ഞ ശീർഷകങ്ങളിലേതെങ്കിലും ഒന്നിൽ നിന്ന് വഹിക്കേണ്ടതാണ്.

4) ആഴ്ചയിലൊരിക്കലെങ്കിലും ഡീസൽ ജനറേറ്റർ സെറ്റുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്.

5) ഡെപ്യൂട്ടി ഡയറക്ടർമാർ, ജില്ലാ ട്രഷറി ഓഫീസർമാർ എന്നിവർ ട്രഷറികളിൽ ഇൻസ്പെക്ഷൻ നടത്താൻ പോകുമ്പോൾ ഡീസൽ ജനറേറ്റർ സെറ്റുകളുടെ അവസ്ഥ കൂടി പരിശോധിച്ച് പ്രവർത്തനക്ഷമതയും മെയിന്റനൻസ് വിവരങ്ങളും ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ട്രഷറി ഓഫീസർമാരും ജില്ലാ കോ-ഓർഡിനേറ്റർമാരും, സിസ്റ്റം അഡ്മിനിസ്ട്രേറ്റർമാരും കൃത്യമായി പാലിക്കേണ്ടതാണ്.

എ.എം.ജാഫർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
ഡെപ്യൂട്ടി ഡയറക്ടർമാർ / ജില്ലാ ട്രഷറി ഓഫീസർമാർ /
സബ് ട്രഷറി ഓഫീസർമാർ

// അംഗീകാരത്തോടു കൂടി //

// സീനിയർ സൂപ്രണ്ട് //

h

Scanned by TapScanner